

കേരള സർക്കാർ

ഹരിതകേരളം മിഷൻ

# ഇനി ഞാൻ ഒഴുകട്ടെ

നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്

## പ്രവർത്തന റിപ്പോർട്ട്

രണ്ടാം ഘട്ടം







കേരള സർക്കാർ

**ഹരിതകേരളം മിഷൻ**

ഇനി ഞാൻ ഒഴുകട്ടെ

നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്

# പ്രവർത്തന റിപ്പോർട്ട്

## രണ്ടാം ഘട്ടം

ആഗസ്റ്റ് 2020

**ഇനി ഞാനൊഴുകട്ടെ**
**നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്**
പ്രവർത്തന റിപ്പോർട്ട് (രണ്ടാം ഘട്ടം)


ചീഫ് എഡിറ്റർ
**ഡോ. ടി.എൻ.സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

തയ്യാറാക്കിയത്
**ഹരിതകേരളം മിഷൻ ടീം**

നിർവഹണ സഹായം
**അനു ലിയ ജോസ്**
റിസോഴ്സ് പേഴ്സൺ, ഹരിതകേരളം മിഷൻ

കവർ ഡിസൈൻ & ലേ-ഔട്ട്
**ഫൗസിയ പി.എ.**

ഡി.ടി.പി.
**മനുജ വി.എം.**

പ്രസിദ്ധീകരണം
ഹരിതകേരളം മിഷൻ
റ്റി.സി. 2/3271 (3) (4)
കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ.
തിരുവനന്തപുരം 695004
ഫോൺ : 0471 2449939
ഇ-മെയിൽ : haritham@kerala.gov.in

അച്ചടി
ഗ്രാമലക്ഷ്മി മുദ്രാലയം

കോപ്പി : 3000
സൗജന്യ വിതരണത്തിന്

ഒന്നാം പതിപ്പ്

# ഇനി ഞാനൊഴുകട്ടെ

ജലവിഭവം, ശുചിത്വം, കൃഷി എന്ന പരസ്പര പൂരകങ്ങളായ മൂന്നു ഉപദൗത്യങ്ങളോടെയാണ് സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്ന ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാതെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതു പ്രോത്സാഹിപ്പിക്കുകയാണ് മിഷന്റെ ലക്ഷ്യം. നീർത്തടാടിസ്ഥാനത്തിൽ, എല്ലാവരുടെയും പങ്കാളിത്തത്തോടെ തയ്യാറാക്കുന്ന ശാസ്ത്രീയ പദ്ധതികളിലൂടെ സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ ശുദ്ധജലം ഉറപ്പാക്കുക എന്നത് മിഷന്റെ പ്രധാനപ്പെട്ട ദൗത്യമാണ്. മിഷൻ അധ്യക്ഷനായ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2019 ആഗസ്റ്റ് ഒന്നിനു ചേർന്ന സംസ്ഥാന മിഷൻ യോഗത്തിൽ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ നീർച്ചാലുകളുടെ പുനരുദ്ധാരണത്തിനായി ജനകീയ കാമ്പയിൻ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമാന്യം നല്ല മഴ ലഭിക്കുന്ന കേരളത്തിൽ, നീർച്ചാലുകളുടെ ശൃംഖല ജലമേഖലയിൽ പ്രധാനപ്പെട്ടതാണ്. ഭൂമിശാസ്ത്രപരമായി ഉയർന്ന പ്രദേശം, സമതലം തീരപ്രദേശം എന്നിങ്ങനെ കണക്കാക്കാവുന്ന കേരളത്തിൽ എല്ലാ പ്രദേശങ്ങളിലും ജലനിർഗ്ഗമനം സാധ്യമാക്കുന്നത് ഇത്തരം നീർച്ചാലുകളുടെ ശൃംഖലയിലൂടെയാണ്. തുടർച്ചയായ രണ്ടു വർഷകാലത്തിലൂടെ നല്ല മഴ ലഭിക്കുന്ന കേരളത്തിൽ ഡിസംബർ മുതൽ ജൂൺ വരെ വരണ്ട കാലാവസ്ഥയാണ്. സംസ്ഥാനത്ത് ലഭിക്കുന്ന മഴയിലെ സ്ഥലകാല വ്യതിയാനവും കേരളത്തിന്റെ പ്രത്യേകതയാണ്.






ജില്ലാ അടിസ്ഥാനത്തിലുള്ള നീർച്ചാലുകളുടെ വിന്യാസം (കിലോമീറ്ററിൽ)

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വികസന സൂചികകളിൽ കേരളം എപ്പോഴും മുമ്പിലാണ്. അതിനാൽ തന്നെ സംസ്ഥാന നഗര-ഗ്രാമ പ്രദേശങ്ങൾ തമ്മിൽ വലിയ വേർതിരിവില്ല. കേരളത്തിലെ ചെറുപട്ടണങ്ങൾ പോലും വികസനത്തിന് സ്ഥലം ലഭ്യമല്ലാത്ത അവസ്ഥയിലാണ്. ഭൂലഭ്യതയിലെ കുറവു പലപ്പോഴും ബാധിക്കുക ജലസ്രോതസ്സുകളെയാണ്. മൂന്നാം നിര ചാലുകൾ ഉൾപ്പെടെ മൂടിപ്പോവുകയും വഴിതിരിച്ചു വിടുകയും, മാലിന്യങ്ങൾ അടിഞ്ഞ് ഒഴുക്ക് നിലച്ചു പോവുകയും ചെയ്യുന്ന അവസ്ഥയുണ്ട്. സംസ്ഥാനത്തെ പട്ടണങ്ങളിൽ ഖര, ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിൽ ഗുണപരമായ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു.

വേനൽക്കാലത്ത് വരൾച്ചയും ടാങ്കർ ലോറികൾ വഴിയുള്ള ജലവിതരണവും കേരളത്തിൽ സാധാരണമാണ്. കേരളത്തിലെ 65% ൽ അധികം ആളുകൾ കിണറുകളെയാണ് ശുദ്ധജലത്തിന് ആശ്രയിക്കുന്നത്. നീർച്ചാലുകളുടെ നഷ്ടം ജലലഭ്യതയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഭൂജല ഉപയോഗം വാർഷിക റീർച്ചാർജിന്റെ 50% മാത്രമാണെങ്കിലും പല ബ്ലോക്കുകളും അമിത ജല ഉപയോഗം രേഖപ്പെടുത്തിയിട്ടുണ്ട്.



ലോകത്തെ മറ്റ് വികസ്വര രാജ്യങ്ങളിലെ പോലെ ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും ജലജന്യ രോഗങ്ങൾ എല്ലാവർഷവും ഉണ്ടാകാറുണ്ട്. കിണറുകളിൽ ജലം എത്തിക്കുന്ന ജലഭൃത (aquifer)ങ്ങളുടെ സ്രോതസ്സ് പ്രധാനമായും നീർച്ചാലുകൾ ആണ്. ഒഴുക്ക് നിലച്ച് മാലിന്യങ്ങൾ നിറഞ്ഞ ഈ നീർച്ചാലുകൾ ഇത്തരത്തിൽ ജലജന്യ രോഗങ്ങൾവ്യാപിക്കുന്നതിന്കാരണമാകുന്നു.

നദിയുടെ ആവാസ വ്യവസ്ഥ ജലചക്രത്തിന്റെ ഭാഗമാണ്. ഒഴുകുന്ന നദി ആരോഗ്യകരമായ ഒരു ആവാസ വ്യവസ്ഥയുടെ ലക്ഷണമാണ്. കേരളത്തിലെ നീർച്ചാലുകളുടെ ശൃംഖല ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചിരുന്നത് സംസ്ഥാനത്തെ പരമ്പരാഗത കർഷകരാണ്. എന്നാൽ ഭൂവിനിയോഗത്തിൽ ഉണ്ടായ മാറ്റത്തിന്റെ ഫലമായി ഇത്തരം നീർച്ചാലുകൾ മൂടിപ്പോവുകയോ വഴിതിരിച്ചു വിടുകയോ ചെയ്തിട്ടുണ്ട്. പ്രാദേശിക സ്രോതസ്സുകളിൽ ജലലഭ്യതക്കുറവിനും ജലത്തിന്റെ ഗുണനിലവാരത്തിലുണ്ടാകുന്ന പ്രശ്നങ്ങൾക്കും പ്രധാന കാരണം നീർച്ചാലുകളുടെ ശൃംഖല നഷ്ടപ്പെടുന്നതാണ്. ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നഷ്ടപ്പെടുന്നതും അവയുടെ വാഹകശേഷി കുറയുന്നതും പ്രാദേശികമായി വെള്ളപ്പൊക്കത്തിനു കാരണമാകുന്നുണ്ട്. കേരളത്തിന്റെ മലനിരകളിൽ നിന്നുള്ള സൂക്ഷ്മ നീർച്ചാലുകൾ ഇല്ലാതാകുന്നത് മണ്ണിടിച്ചിലിനും ഉരുൾപ്പൊട്ടലിനും സഹായകരമായ സ്ഥിതി സൃഷ്ടിക്കുന്നു. മലനിരകളിൽ മണ്ണിന്റെ ഘനം കുറവുള്ള പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള മണ്ണിടിച്ചിലിന് സാധ്യത കൂടുതലാണ്.

സംസ്ഥാനത്തെ ഓരോ ജില്ലയിലെയും നീർച്ചാലുകളുടെ നീളം പരിശോധിച്ചാൽ ഇവയുടെ ശൃംഖല എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണെന്ന് ബോധ്യപ്പെടും.

**പകർച്ചവ്യാധി വ്യാപനം കേരളത്തിൽ**

അവലംബം : സംസ്ഥാന ആരോഗ്യ വകുപ്പ്

| Sl.No. | Name of Diseases | 2019 Case |
|---|---|---|
| 1 | Dengue Fever | 4651 |
| 2 | Malaria | 656 |
| 3 | Chikungunya | 109 |
| 6 | Leptospirosis | 1211 |
| 7 | Hepatitis - A | 1620 |
| 8 | Hepatitis - B | 828 |
| 9 | Suspected Cholera | 20 |
| 10 | Cholera | 9 |
| 12 | Typhoid | 27 |
| 13 | ADD (Diarrhoea) | 544027 |

സംസ്ഥാനത്തെ മലനിരകളിൽ നിന്നുള്ള ജലനിർഗ്ഗമനം സുഗമമാക്കുന്നതിന് നീർച്ചാലുകൾ പ്രധാനപ്പെട്ടതാണ്. ഹരിതകേരളം മിഷന്റെ 'ഇനി ഞാനൊഴുകട്ടെ' എന്ന കാമ്പയിൻ ആരംഭിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. കേരളത്തിൽ ഏറ്റവും അധികം നീർച്ചാലുകളുടെ ശൃംഖലയുള്ള ജില്ലകളിലാണ് 2018 ലും 2019 ലും വെള്ളപ്പൊക്കക്കെടുതികൾ വ്യാപകമായി സംഭവിച്ചത് എന്നത് ശ്രദ്ധേയമാണ്. ഒരു നദീതടത്തിൽ അണക്കെട്ടു നിർമ്മിച്ചു ശേഖരിക്കാവുന്നത്ര ജലം നദീതടത്തിലെ നീർച്ചാലുകൾക്ക് ഉൾക്കൊള്ളാനാകും. എന്നാൽ ഇതിനനുഗുണമായ വിധം ഇവയുടെ പരിപാലനം കുറ്റമറ്റതാക്കേണ്ടിയിരിക്കുന്നു. നീർച്ചാലുകളോടൊപ്പം തണ്ണീർത്തടങ്ങൾ, നെൽപ്പാടങ്ങൾ തുടങ്ങി വെള്ളം ശേഖരിച്ചു നിർത്താവുന്ന പ്രദേശങ്ങളും വീണ്ടെടുക്കേണ്ടിയിരിക്കുന്നു. തണ്ണീർത്തടങ്ങളും നെൽപ്പാടങ്ങളും ചതുപ്പുകളും ജലസാന്നിദ്ധ്യം ഉറപ്പാക്കുന്നതോടൊപ്പം റീച്ചാർജിംഗിനു സഹായകരവുമാണ്.

നീർച്ചാലുകളുടെ പുനരുദ്ധാരണം ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തോടെ മാത്രമേ സാധ്യമാകൂ. ജലമേഖലയിലെ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെയും കൂട്ടായ്മകളുടെയും സംയോജിച്ചുള്ള പ്രവർത്തനം സാധ്യമാക്കുകയാണ് ഹരിതകേരളം മിഷന്റെ ലക്ഷ്യം. ഈ കാഴ്ചപ്പാടോടു കൂടിയാണ് പുഴ പുനരുജ്ജീവനത്തിനായി മിഷൻ ഒരു മാർഗ്ഗരേഖ തയ്യാറാക്കിയത്.

ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ ഭാഗമായി ഒരു തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തെ ഏറ്റവും നീളം കൂടിയ നീർച്ചാലും അതിന്റെ ഉപനീർച്ചാലുകളുമാണ് പുനരുജ്ജീവനത്തിനായി തെരഞ്ഞെടുത്തത്.

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്ന നീർച്ചാലിന്റെ തുടർന്നുള്ള ഭാഗം അടുത്തുള്ള തദ്ദേശ ഭരണ സ്ഥാപനവും ഏറ്റെടുക്കേണ്ടതുണ്ട്. ഇത്തരത്തിൽ തുടർച്ച സാധ്യമാവുന്ന രീതിയാണ് അവലംബിച്ചത്.

ബഹു. തദ്ദേശ ഭരണ മന്ത്രിയും ജലവിഭവ മന്ത്രിയും സംയുക്തയോഗം വിളിച്ച് ഉദ്യോഗസ്ഥരെ കാമ്പയിനു സജ്ജരാക്കി. യന്ത്രസഹായത്തോടെ നീർച്ചാലുകൾ വൃത്തിയാക്കുന്നതിനായി പണം ഉപയോഗിക്കുന്നതിന് തദ്ദേശ ഭരണ വകുപ്പ് പ്രത്യേക അനുമതി നൽകുകയുണ്ടായി.



2019 ഡിസംബർ 14 മുതൽ 22 വരെയാണ് ഇതിന്റെ ഒന്നാംഘട്ടം ഉദ്ദേശിച്ചിരുന്നത്. എന്നാൽ മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒന്നിൽ കൂടുതൽ ചാലുകൾ ഏറ്റെടുക്കുകയും പദ്ധതി മുമ്പോട്ടു കൊണ്ടു പോകുകയും ചെയ്തു. പ്രമുഖ വ്യക്തികൾ എല്ലാ പ്രദേശത്തും ഇതിനു നേതൃത്വം നൽകി. മന്ത്രിമാർ, എം.എൽ.എ.മാർ തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷൻമാരും അംഗങ്ങളും ജില്ലാ കളക്ടർമാർ തുടങ്ങിയവർ ഇതിൽ സജീവ പങ്കാളികളായി.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കി നൽകിയിരുന്ന നീർത്തട മാപ്പുകൾ, നീർചാലുകൾ തെരഞ്ഞെടുക്കുന്നതിന് ഏറെ സഹായകരമായി. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് 820 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 914 നീർച്ചാലുകളിലെ 2034.60 കിലോമീറ്റർ നീളം നീർച്ചാലുകൾ ജനകീയമായി പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു. 160805 പേരുടെ സന്നദ്ധ സേവനം ഇതിനായി ലഭ്യമായി എന്നത് എടുത്തു പറയേണ്ട കാര്യമാണ്.



## ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ

| ക്രമ നം | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | | | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ | | പങ്കാളിത്തം |
|---|---|---|---|---|---|---|---|
| | | ആകെ | പ്രവർത്തന മേറ്റെടുത്തവ | | | | |
| | | എണ്ണം | എണ്ണം | (%) | എണ്ണം | നീളം (കി.മീ.) | |
| 1 | തിരുവനന്തപുരം | 78 | 78 | 100.00 | 100 | 167.5 | 23783 |
| 2 | കൊല്ലം | 73 | 73 | 100.00 | 73 | 292.87 | 27827 |
| 3 | പത്തനംതിട്ട | 57 | 57 | 100.00 | 61 | 179.15 | 14959 |
| 4 | ആലപ്പുഴ | 78 | 40 | 51.28 | 45 | 47.23 | 4444 |
| 5 | കോട്ടയം | 77 | 71 | 92.21 | 92 | 186.25 | 8575 |
| 6 | ഇടുക്കി | 54 | 36 | 66.67 | 38 | 117.5 | 6039 |
| 7 | എറണാകുളം | 96 | 41 | 42.71 | 50 | 52.45 | 3309 |
| 8 | തൃശൂർ | 94 | 80 | 85.11 | 80 | 81.37 | 9846 |
| 9 | പാലക്കാട് | 95 | 85 | 89.47 | 99 | 291.27 | 18126 |
| 10 | മലപ്പുറം | 106 | 46 | 43.40 | 48 | 71.83 | 5100 |
| 11 | കോഴിക്കോട് | 78 | 75 | 96.15 | 89 | 199.64 | 23810 |
| 12 | വയനാട് | 26 | 26 | 100.00 | 27 | 54.15 | 3226 |
| 13 | കണ്ണൂർ | 81 | 80 | 98.77 | 79 | 208.63 | 6129 |
| 14 | കാസർഗോഡ് | 41 | 32 | 78.05 | 33 | 84.76 | 5632 |
| | ആകെ | 1034 | 820 | 79.30 | 914 | 2034.60 | 160805 |



# ഇനി ഞാനൊഴുകട്ടെ – രണ്ടാം ഘട്ടം

ഇനി ഞാനൊഴുകട്ടെ ക്യാമ്പയിന്റെ രണ്ടാം ഘട്ടവും വിപുലമായി സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്. ഇതുകൂടാതെ ജലസേചന വകുപ്പ്, മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ് മുതലായവയുടെ നേതൃത്വത്തിലും പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇനി ഞാനൊഴുകട്ടെ ക്യാമ്പയിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ ഇപ്പോഴും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരികയാണ്.

ഇനി ഞാനൊഴുകട്ടെ ക്യാമ്പയിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നാളിതുവരെ 752 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 5256 കിലോമീറ്റർ നീളത്തിൽ 4438 നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കപ്പെട്ടിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത നീർച്ചാലുകളിൽ ഉൾപ്പെടെ കയർ ഭൂവസ്ത്രം കൊണ്ടുള്ള പാർശ്വ സംരക്ഷണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | | നീർച്ചാലുകൾ | |
|---|---|---|---|---|---|
| | | ആകെ | പ്രവർത്തനം നടന്നവ | എണ്ണം | നീളം (കി.മി.) |
| 1 | തിരുവനന്തപുരം | 78 | 66 | 749 | 836.831 |
| 2 | കൊല്ലം | 73 | 73 | 73 | 201.400 |
| 3 | പത്തനംതിട്ട | 57 | 36 | 174 | 183.883 |
| 4 | ആലപ്പുഴ | 78 | 37 | 655 | 321.225 |
| 5 | കോട്ടയം | 77 | 41 | 177 | 231.600 |
| 6 | ഇടുക്കി | 54 | 43 | 346 | 478.870 |
| 7 | എറണാകുളം | 96 | 94 | 955 | 914.762 |
| 8 | തൃശൂർ | 94 | 65 | 73 | 97.853 |
| 9 | പാലക്കാട് | 95 | 35 | 59 | 96.551 |
| 10 | മലപ്പുറം | 106 | 72 | 72 | 666.590 |
| 11 | കോഴിക്കോട് | 78 | 74 | 456 | 455.665 |
| 12 | വയനാട് | 26 | 26 | 249 | 355.666 |
| 13 | കണ്ണൂർ | 81 | 57 | 180 | 232.766 |
| 14 | കാസർഗോഡ് | 41 | 33 | 220 | 182.433 |
| | ആകെ | 1034 | 752 | 4438 | 5256.095 |



നീർച്ചാൽ പുനരുജ്ജീവനത്തിന് മുമ്പും ശേഷവും

# തിരുവനന്തപുരം

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| ബ്ലോക്കുകൾ | - | 11 എണ്ണം |
| ഗ്രാമപഞ്ചായത്തുകൾ | - | 73 എണ്ണം |
| മുനിസിപ്പാലിറ്റികൾ | - | 4 എണ്ണം |
| മുനിസിപ്പൽ കോർപ്പറേഷൻ | - | 1 എണ്ണം |
| ജനസാന്ദ്രത | - | 1509/ചതുരശ്ര കിലോമീറ്റർ (3910/ചതുരശ്ര മൈൽ) |
| ഭൂപ്രദേശം | - | മലനാട്, ഇടനാട്, തീരപ്രദേശം |
| പ്രധാന നദികൾ | - | നെയ്യാർ, കരമനയാർ, വാമനപുരം നദി, മാമം നദി, അയിരൂർ നദി |
| പ്രധാന ജലാശയങ്ങൾ | - | പൂവാർ കായൽ, പൂന്തുറ കായൽ, വെള്ളായണി കായൽ, വേളി കായൽ, കഠിനംകുളം കായൽ, അഞ്ചുതെങ്ങ് കായൽ, ഇടവ-നടയറ കായൽ |

2035 മി.മീ. ആണ് ശരാശരി വർഷാപാതം. മെയ് അവസാനത്തോടെയാരംഭിക്കുന്ന ഇടവപ്പാതിയിലൂടെയും (തെക്ക് പടിഞ്ഞാറൻ കാലവർഷം) ഒക്ടോബർ മാസത്തിൽ ലഭിക്കുന്ന തുലാവർഷത്തിലൂടെയും (വടക്ക് കിഴക്കൻ കാലവർഷം) ആണ് ഇതിന്റെ സിംഹഭാഗവും ലഭ്യമാകുന്നത്. ഇതിൽ തന്നെ ഇടവപ്പാതിയിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഈ കാലവർഷങ്ങളുടെ വൈകിവരവും വേനൽ മഴയുടെ ലഭ്യതയിൽ ഉള്ള അനിശ്ചിതത്വവും പലപ്പോഴും വരൾച്ചയ്ക്ക് കാരണമാകുന്നുണ്ട്. അതിവൃഷ്ടിയുടെ ഭാഗമായി പലപ്പോഴും നാലാം നിരവരെയുള്ള നീർച്ചാലുകൾ നിറഞ്ഞു കവിയാറുണ്ട്. ജില്ലയിൽ ആകെ 5685.84 കി.മീ. നീളത്തിൽ നീർച്ചാലുകൾ ഉണ്ട്.

ഇനി ഞാനൊഴുകട്ടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 78 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 66 എണ്ണത്തിലും നീർച്ചാലുകളുടെ പുനരുജ്ജീവന പ്രവർത്തനം നടന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി 836.831 കി.മീ നീളത്തിൽ 749 നീർച്ചാലുകൾ ഇതിനോടകം പുനരുജ്ജീവിക്കപ്പെട്ടു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രധാനമായും പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. പാർശ്വ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം വിരിയ്ക്കുന്ന പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്.



## രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കപ്പെട്ട നീർച്ചാലുകൾ

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | എണ്ണം | നീളം (കി.മീ) |
|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | | |
| 1 | പുളിമാത്ത് | 23 | 48.600 |
| 2 | മടവൂർ | 20 | 34.100 |
| 3 | കരവാരം | 22 | 35.700 |
| 4 | കിളിമാനൂർ | 15 | 15.050 |
| 5 | നഗരൂർ | 6 | 1.050 |
| 6 | പഴയകുന്നുമ്മേൽ | 15 | 29.900 |
| 7 | കിഴുവിലം | 21 | 28.700 |
| 8 | മുദാക്കൽ | 31 | 30.350 |
| 9 | വക്കം | 4 | 1.215 |
| 10 | കടയ്ക്കാവൂർ | 5 | 3.000 |
| 11 | ചിറയിൻകീഴ് | 3 | 5.610 |
| 12 | അഞ്ചുതെങ്ങ് | 7 | 10.350 |
| 13 | കല്ലറ | 5 | 1.650 |
| 14 | പെരിങ്ങമ്മല | 2 | 3.950 |
| 15 | മാണിക്കൽ | 17 | 12.550 |
| 16 | പാങ്ങോട് | 6 | 7.850 |
| 17 | പുല്ലമ്പാറ | 2 | 1.350 |
| 18 | പോത്തൻകോട് | 2 | 0.850 |
| 19 | കഠിനംകുളം | 14 | 18.500 |
| 20 | അണ്ടൂർക്കോണം | 11 | 75.655 |
| 21 | അഴൂർ | 2 | 0.450 |
| 22 | മംഗലപുരം | 5 | 2.000 |
| 23 | കരകുളം | 16 | 26.000 |
| 24 | വെമ്പായം | 9 | 5.330 |
| 25 | ആനാട് | 20 | 22.650 |
| 26 | പനവൂർ | 48 | 37.400 |
| 27 | അരുവിക്കര | 39 | 32.030 |
| 28 | അതിയന്നൂർ | 5 | 3.050 |
| 29 | വെങ്ങാനൂർ | 1 | 1.000 |
| 30 | ബാലരാമപുരം | 63 | 30.070 |
| 31 | വിളവൂർക്കൽ | 6 | 1.800 |
| 32 | മാറനല്ലൂർ | 10 | 6.200 |
| 33 | കല്ലിയൂർ | 5 | 5.000 |
| 34 | മലയിൻകീഴ് | 2 | 4.500 |
| 35 | പള്ളിച്ചൽ | 44 | 40.300 |
| 36 | വിളപ്പിൽ | 7 | 1.850 |
| 37 | പൂവാർ | 4 | 1.815 |
| 38 | ചെങ്കൽ | 4 | 3.900 |
| 39 | കാരോട് | 6 | 3.930 |
| 40 | പാറശ്ശാല | 7 | 4.500 |
| 41 | കുളത്തൂർ | 12 | 8.431 |
| 42 | തിരുപുറം | 7 | 5.560 |
| 43 | അമ്പൂരി | 29 | 34.660 |
| 44 | കള്ളിക്കാട് | 7 | 9.975 |
| 45 | ആര്യങ്കോട് | 2 | 2.000 |
| 46 | വെള്ളറട | 9 | 4.700 |
| 47 | ഒറ്റൂർ | 9 | 8.080 |
| 48 | മണമ്പൂർ | 12 | 20.075 |
| 49 | ചെമ്മരുതി | 6 | 4.300 |
| 50 | ഇടവ | 14 | 11.940 |
| 51 | വെട്ടൂർ | 8 | 12.575 |
| 52 | ഇലകമൺ | 10 | 13.600 |
| 53 | ചെറുന്നിയൂർ | 5 | 2.010 |
| 54 | വിതുര | 2 | 6.200 |
| 55 | തൊളിക്കോട് | 13 | 12.600 |
| 56 | ഉഴമലയ്ക്കൽ | 7 | 9.275 |
| 57 | വെള്ളനാട് | 8 | 7.600 |
| 58 | ആര്യനാട് | 10 | 9.400 |
| 59 | കുറ്റിച്ചൽ | 10 | 9.200 |
| 60 | പൂവച്ചൽ | 7 | 7.700 |
| 61 | കാട്ടാക്കട | 2 | 1.800 |
| | മുനിസിപ്പാലിറ്റി | | |
| 62 | നെയ്യാറ്റിൻകര | 2 | 1.165 |
| 63 | വർക്കല | 4 | 9.000 |
| 64 | നെടുമങ്ങാട് | 9 | 14.200 |
| 65 | ആറ്റിങ്ങൽ | 8 | 6.030 |
| 66 | തിരുവനന്തപുരം കോർപ്പറേഷൻ | 3 | 5.000 |
| | ആകെ | 749 | 836.831 |



# കൊല്ലം

**പൊതുവിവരങ്ങൾ**

| | | |
|---|---|---|
| ഭൂവിസ്തീർണ്ണം | - | 2491 ച.കി.മീ. |
| ജനസംഖ്യ | - | 26,29,703 |
| ജനസാന്ദ്രത | - | 1056/ച.കി.മീ. |
| മുനിസിപ്പാലിറ്റികൾ | - | 4 എണ്ണം |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 11 എണ്ണം |
| ഗ്രാമപഞ്ചായത്തുകൾ | - | 68 എണ്ണം |
| വില്ലേജുകൾ | - | 105 എണ്ണം |
| നഗരസഭകൾ | - | കൊല്ലം |
| മുനിസിപ്പൽ ടൗൺ | - | പരവൂർ, പുനലൂർ, കരുനാഗപ്പള്ളി |
| ഭൂപ്രദേശം | - | മലനാട്, ഇടനാട്, തീരപ്രദേശം |
| പ്രധാന നദികൾ | - | അച്ചൻകോവിൽ, കല്ലട, ഇത്തിക്കര |

കുളത്തൂപ്പുഴയുടെ തെക്കു പടിഞ്ഞാറുള്ള മടത്തറ കുന്നുകളിൽ നിന്ന് ഉത്ഭവിക്കുന്ന ഇത്തിക്കരയാർ മീനാടിനടുത്ത് പരവൂർ കായലിൽ ചേരുന്നു. 56 കി.മീ. നീളമുള്ള ആറിന്റെ വൃഷ്ടിപ്രദേശം 779 ച.കി.മീ. ആണ്. കല്ലടയാർ പശ്ചിമ ഘട്ടത്തിൽ ഉത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്നു. 121 കി.മീ. നീളമുള്ള കല്ലടയാറിന്റെ വൃഷ്ടിപ്രദേശം 1996 ച.കി.മീ. ആണ്. പശ്ചിമഘട്ടത്തിൽ നിന്നു തന്നെ ഉത്ഭവിക്കുന്ന അച്ചൻകോവിലാർ വിയപുരത്തു വച്ച് പമ്പാനദിയിൽ ചേർന്ന് വേമ്പനാട് കായലിൽ പതിക്കുന്നു. ഇതിന്റെ നീളം 128 കി.മീ. വൃഷ്ടിപ്രദേശം 1484 ച.കി.മീ. ആണ്. ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട കായൽ ജില്ലയുടെ ഒരു വരദാനമാണ്. 440 ഹെക്ടറോളം വ്യാപിച്ചു കിടക്കുന്ന കായലിന്റെ വൃഷ്ടിപ്രദേശം 1269 ച.കി.മീ. ആണ്. ഇവ കൂടാതെ ജില്ലയിൽ അഷ്ടമുടിക്കായലും പരവൂർ കായലും സ്ഥിതി ചെയ്യുന്നു.

ജില്ലയിലെ ശരാശരി വർഷപാതം 2430 കി.മീ. ആണ്. ഇതിൽ 55 ശതമാനവും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള ഇടവപ്പാതിയിൽ നിന്നാണ് ലഭിക്കുന്നത്. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള തുലാവർഷത്തിൽ നിന്ന് 24 ശതമാനവും ബാക്കി 21 ശതമാനം ജനുവരി മുതൽ മെയ് വരെയുള്ള കാലയളവിലും ലഭിക്കുന്നു. ആകെ 119 മഴദിനങ്ങൾ ഉള്ളതിൽ എഴുപതും ഇടവപ്പാതിയാണ്.



കൊല്ലം ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി 73 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 73 നീർച്ചാലുകളിലായി 201.40 കി.മീ നീളം പുനരുജ്ജീവിപ്പിക്കപ്പെട്ടു.

## രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കപ്പെട്ട നീർച്ചാലുകൾ

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | നീളം (കി.മീ) |
|---|---|---|
| 1 | അലയമൺ | 30.000 |
| 2 | അഞ്ചൽ | 8.000 |
| 3 | ആര്യൻകാവ് | 35.200 |
| 4 | കരവാളൂർ | 40.000 |
| 5 | കുളത്തൂപ്പുഴ | 13.000 |
| 6 | തെന്മല | 47.000 |
| 7 | ഏരൂർ | 52.000 |
| 8 | ചടയമംഗലം | 22.500 |
| 9 | ചിതറ | 50.000 |
| 10 | കടയ്ക്കൽ | 11.000 |
| 11 | കുമ്മിൾ | 19.000 |
| 12 | നിലമേൽ | 6.000 |
| 13 | വെളിനല്ലൂർ | 6.600 |
| 14 | ചവറ | 2.000 |
| 15 | പന്മന | 3.000 |
| 16 | തേവലക്കര | 4.000 |
| 17 | കിഴക്കേ കല്ലട | 0.550 |
| 18 | മൺട്രോതുരുത്ത് | 2.000 |
| 19 | തൃക്കരുവ | 6.000 |
| 20 | ആദിച്ചനല്ലൂർ | 8.000 |
| 21 | ചാത്തന്നൂർ | 8.000 |
| 22 | ചിറക്കര | 11.000 |
| 23 | കല്ലുവാതുക്കൽ | 41.000 |
| 24 | പൂതക്കുളം | 1.800 |
| 25 | എഴുകോൺ | 28.100 |
| 26 | കരീപ്ര | 9.000 |
| 27 | നെടുവത്തൂർ | 19.800 |
| 28 | പൂയപ്പള്ളി | 18.000 |
| 29 | വെളിയം | 13.300 |
| 30 | മയ്യനാട് | 4.600 |
| 31 | നെടുമ്പന | 2.000 |
| 32 | തൃക്കക്കോവിൽവട്ടം | 2.000 |
| 33 | ആലപ്പാട് | 3.000 |
| 34 | ക്ലാപ്പന | 8.500 |
| 35 | കുലശേഖരപുരം | 5.000 |
| 36 | ഓച്ചിറ | 13.000 |
| 37 | തൊടിയൂർ | 6.000 |
| 38 | പത്തനാപുരം | 14.000 |
| 39 | പട്ടാഴി | 17.500 |
| 40 | പട്ടാഴി വടക്കേക്കര | 18.000 |
| 41 | വിളക്കുടി | 2.500 |
| 42 | കുന്നത്തൂർ | 1.250 |
| 43 | ശാസ്താംകോട്ട | 1.000 |
| 44 | ശൂരനാട് നോർത്ത് | 2.000 |
| 45 | കുളക്കട | 35.000 |
| 46 | മേലില | 15.000 |
| 47 | മൈലം | 18.000 |
| 48 | പവിത്രേശ്വരം | 24.000 |
| 49 | ഉമ്മന്നൂർ | 1.500 |
| 50 | വെട്ടിക്കവല | 76.000 |
| | | 785.700 |



# പത്തനംതിട്ട

**പൊതുവിവരങ്ങൾ**

| | | |
|---|---|---|
| വിസ്തീർണ്ണം | - | 2731 ചതുരശ്ര കിലോമീറ്റർ |
| ഭൂപ്രദേശങ്ങൾ | - | മലനാട്, ഇടനാട് |
| ജനസംഖ്യ | - | 1,195,537 (2011 സെൻസസ് പ്രകാരം) |
| ബ്ലോക്കുകൾ | - | 8 എണ്ണം - പറക്കോട്, പന്തളം, ഏലന്തൂർ, കോന്നി, മല്ലപ്പള്ളി, റാന്നി, കോയിപ്പുറം, പുലികീഴ് |
| ഗ്രാമപഞ്ചായത്തുകൾ | - | 53 എണ്ണം |
| മുനിസിപ്പാലിറ്റികൾ | - | പത്തനംതിട്ട, അടൂർ, തിരുവല്ല, പന്തളം |
| പ്രധാന നദികൾ | - | പമ്പ, അച്ചൻകോവിൽ, മണിമല, കല്ലട |
| വനപ്രദേശം | - | 57% |
| കൃഷിയിടം | - | 31 % |
| പ്രധാന വിളകൾ | - | തെങ്ങ്, റബ്ബർ, വാഴ, കുരുമുളക് |
| നീർച്ചാലുകൾ | - | 7728.4 കിലോമീറ്റർ |

പൊതുവേ ഈർപ്പമേറിയ കാലാവസ്ഥയുള്ള പത്തനംതിട്ട ജില്ലയിൽ വാർഷിക വർഷപാതം ശരാശരി 3133.9 മി.മീ. ആണ്. ഇടവപ്പാതിയിൽ നിന്നാണ് ഇതിൽ 56.8 ശതമാനം മഴയും ലഭിക്കുന്നത്. ഇതുകൂടാതെ തുലാവർഷവും വേനൽമഴയും വർഷപാതത്തിൽ നല്ലൊരു പങ്കു വഹിക്കുന്നുണ്ട്. ജില്ലയുടെ കിഴക്കുഭാഗങ്ങളിൽ പടിഞ്ഞാറിനേക്കാൾ ഉപരി മഴ ലഭിക്കുന്നുണ്ട്. 5 മുതൽ 1500 വരെ പരിവർത്തനമാണ് ഭൂപ്രദേശത്തിന്റെ ഉയരത്തിൽ പ്രകടമാകുന്നത്. ജില്ലയുടെ പടിഞ്ഞാറു ഭാഗത്ത് ഇടനാടുകൾ വിശാലവും സങ്കുചിതവുമായ നിമ്നോന്നതങ്ങളായ ഭൂപ്രദേശമാണ്.

പത്തനംതിട്ട ജില്ലയിലെ 57 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 36 എണ്ണത്തിൽ ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി 183.883 കി.മീ നീളത്തിൽ 174 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു.



## രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കപ്പെട്ട നീർച്ചാലുകൾ

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | എണ്ണം | നീളം (കി.മീ) |
|---|---|---|---|
| | **ഗ്രാമപഞ്ചായത്ത്** | | |
| 1 | കോഴഞ്ചേരി | 1 | 0.600 |
| 2 | ഇലന്തൂർ | 1 | 0.500 |
| 3 | മല്ലപ്പുഴശ്ശേരി | 1 | 0.600 |
| 4 | ചെറുകോൽ | 3 | 9.500 |
| 5 | ചെന്നീർക്കര | 6 | 2.200 |
| 6 | നാരങ്ങാനം | 1 | 0.035 |
| 7 | എഴുമറ്റൂർ | 2 | 1.950 |
| 8 | തോട്ടപ്പുഴശ്ശേരി | 1 | 0.775 |
| 9 | പുറമറ്റം | 1 | 1.000 |
| 10 | അയിരൂർ | 1 | 1.000 |
| 11 | നെടുമ്പ്രം | 1 | 2.100 |
| 12 | കുറ്റൂർ | 3 | 1.200 |
| 13 | പെരിങ്ങര | 2 | 1.500 |
| 14 | മല്ലപ്പള്ളി | 1 | 0.800 |
| 15 | കവിയൂർ | 1 | 0.400 |
| 16 | ആനിക്കാട് | 1 | 1.500 |
| 17 | കൊറ്റനാട് | 3 | 2.500 |
| 18 | കല്ലൂപ്പാറ | 6 | 5.900 |
| 19 | കുന്നന്താനം | 8 | 4.770 |
| 20 | കോന്നി | 2 | 2.000 |
| 21 | വള്ളിക്കോട് | 2 | 4.500 |
| 22 | മലയാലപ്പുഴ | 4 | 2.310 |
| 23 | തണ്ണിത്തോട് | 6 | 3.300 |
| 24 | തുമ്പമൺ | 1 | 0.130 |
| 25 | പന്തളം തെക്കേക്കര | 2 | 2.000 |
| 26 | ആറന്മുള | 3 | 1.690 |
| 27 | മെഴുവേലി | 13 | 11.648 |
| 28 | ചിറ്റാർ | 1 | 17.000 |
| 29 | റാന്നി അങ്ങാടി | 2 | 4.000 |
| 30 | റാന്നി | 1 | 6.500 |
| 31 | സീതത്തോട് | 1 | 2.000 |
| 32 | കൊടുമൺ | 11 | 14.695 |
| 33 | ഏഴംകുളം | 15 | 6.680 |
| 34 | ഏനാദിമംഗലം | 44 | 34.400 |
| 35 | ഏറത്ത് | 17 | 28.855 |
| | **മുനിസിപ്പാലിറ്റി** | | |
| 36 | അടൂർ | 5 | 3.345 |
| | ആകെ | 174 | 183.883 |





# ആലപ്പുഴ

**പൊതുവിവരങ്ങൾ**

| | | |
|---|---|---|
| ആകെ ഭൂവിസ്തൃതി | - | 1414 ച.കി.മീ |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | - | 2121943 |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 12 |
| ഗ്രാമപഞ്ചായത്തുകൾ | - | 72 |
| മുനിസിപ്പാലിറ്റികൾ | - | 6 |
| വാർഷിക വർഷാപാതം | - | 2965.4 കി.മീ |
| പ്രധാന നദികൾ | - | പമ്പ, അച്ചൻകോവിൽ, മണിമലയാർ |

മണിമലയാർ നീരാറ്റുപുറത്തുവച്ചും അച്ചൻകോവിലാർ വീയപുരത്തുവച്ചും പമ്പയാറിൽ കൂടി ചേരുന്നു. ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളും തീരദേശ മേഖലയാണ്. സമുദ്രനിരപ്പിൽ നിന്നും 6 മീറ്റർ ഉയരത്തിലും 1 മുതൽ 2 മീറ്റർ വരെ താഴെയുമായിട്ടാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്.

ഇനി ഞാനൊഴുകട്ടെ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ആകെയുള്ള 78 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 37 ഇടത്ത് നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. 655 നീർച്ചാലുകളിലെ 321.225 നീളം വരുന്ന ഭാഗം ഇതിന്റെ ഭാഗമായി പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു.





**രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കപ്പെട്ട നീർച്ചാലുകൾ**

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | എണ്ണം | നീളം (കി.മീ) |
|---|---|---|---|
| 1 | അരൂകുറ്റി | 22 | 4.15 |
| 2 | ചേന്നം പള്ളിപ്പുറം | 28 | 6.585 |
| 3 | പാണാവള്ളി | 23 | 10.365 |
| 4 | എഴുപുന്ന | 29 | 3.397 |
| 5 | കോടംതുരുത്ത് | 4 | 1.28 |
| 6 | പട്ടണക്കാട് | 1 | 0.5 |
| 7 | കഞ്ഞിക്കുഴി | 75 | 60.772 |
| 8 | തണ്ണീർമുക്കം | 5 | 6.7 |
| 9 | മാരാരിക്കുളം വടക്ക് | 34 | 13.08 |
| 10 | ആര്യാട് | 58 | 7.27 |
| 11 | മണ്ണഞ്ചേരി | 2 | 2.21 |
| 12 | മുഹമ്മ | 16 | 10.919 |
| 13 | അമ്പലപ്പുഴ തെക്ക് | 2 | 2.2 |
| 14 | അമ്പലപ്പുഴ വടക്ക് | 55 | 5.15 |
| 15 | പുന്നപ്ര തെക്ക് | 8 | 2.6 |
| 16 | പുന്നപ്ര വടക്ക് | 11 | 1.39 |
| 17 | കൈനകരി | 5 | 1.73 |
| 18 | ചമ്പക്കുളം | 4 | 4.15 |
| 19 | തകഴി | 45 | 2.9 |
| 20 | കാവാലം | 18 | 8.35 |
| 21 | പുളിങ്കുന്ന് | 29 | 11.42 |
| 22 | നീലംപേരൂർ | 9 | 3.95 |
| 23 | മുട്ടാർ | 2 | 9 |
| 24 | രാമങ്കരി | 1 | 0.4 |
| 25 | ആല | 22 | 0.45 |
| 26 | പുലിയൂർ | 1 | 0.1 |
| 27 | മുളപ്പുഴ | 7 | 10.7 |
| 28 | കാർത്തികപ്പള്ളി | 32 | 53.67 |
| 29 | വീയ്യപുരം | 4 | 0.19 |
| 30 | ചെന്നിത്തല തൃപ്പെരുംതുറ | 2 | 2.48 |
| 31 | ചെട്ടിക്കുളങ്ങര | 1 | 0.1 |
| 32 | തഴക്കര | 1 | 0.42 |
| 33 | നൂറനാട് | 3 | 3.2 |
| 34 | ഭരണിക്കാവ് | 37 | 23.465 |
| 35 | മാവേലിക്കര താമരക്കുളം | 53 | 44.48 |
| 36 | പത്തിയൂർ | 1 | 0.1 |
| 37 | ചെങ്ങന്നൂർ നഗരസഭ | 5 | 1.402 |
| | ആകെ | 655 | 321.225 |

# കോട്ടയം

**പൊതുവിവരങ്ങൾ**

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 11 |
| ഗ്രാമപഞ്ചായത്തുകൾ | - | 71 |
| നഗരസഭകൾ | - | 6 |
| ജനസംഖ്യ (2011 സെൻസസ്) | - | 19,79,384 |
| വാർഷിക വർഷാപാതം | - | 2931 മി.മീ |
| ഭൂപ്രദേശങ്ങൾ | - | മലനാട്, ഇടനാട്, തീരപ്രദേശം |
| പ്രധാന നദികൾ | - | മീനച്ചിൽ, മൂവാറ്റുപുഴ, മണിമലയാർ |

കോട്ടയം ജില്ലയുടെ 66% ഭൂപ്രദേശവും ഉൾപ്പെടുന്ന മീനച്ചിൽ നദിയുടെ നദീതട വിസ്തീർണ്ണം 1272 കി.മീ ആണ്. പൂഞ്ഞാർ തോട് ഈരാറ്റുപേട്ടയിൽ വച്ചും ചിറ്റാർപുഴ കൊടൂർ വച്ചും പായപ്പാറത്തോട് ലാലത്തുവച്ചും മീനച്ചിലാറിൽ ചേരുന്നു. മീനച്ചിലാർ വേമ്പനാട് കായലിൽ ആണ് പതിയ്ക്കുന്നത്.

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കിയ മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർസംയോജന പദ്ധതി ഈ രംഗത്തെ ഒരു പ്രധാന ഇടപെടൽ ആണ്. വിവിധ വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടേയും പ്രവർത്തന സാധ്യതകൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി നീർച്ചാലുകളുടെ ശൃംഖലകൾ പുനരുജ്ജീവിപ്പിക്കാനും 1100 ഏക്കർ സ്ഥലത്ത് കൃഷി പുനരാരംഭിക്കാനും കഴിഞ്ഞു.

ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ ജില്ലയിലെ 41 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിച്ചു. 177 നീർച്ചാലുകളിലെ 231.60 കി.മീ നീളത്തിലുള്ള ഭാഗം ഈ പ്രവർത്തനത്തിലൂടെ പുനരുജ്ജീവിപ്പിച്ചു.





**രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കപ്പെട്ട നീർച്ചാലുകൾ**

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | എണ്ണം | നീളം (കി.മീ) |
|---|---|---|---|
| 1 | തിടനാട് | 1 | 2.500 |
| 2 | കടുത്തുരുത്തി | 15 | 12.550 |
| 3 | വെള്ളൂർ | 4 | 3.500 |
| 4 | കല്ലറ | 4 | 2.350 |
| 5 | മറവൻതുരുത്ത് | 10 | 10.000 |
| 6 | കൂട്ടിക്കൽ | 2 | 2.000 |
| 7 | പാറത്തോട് | 11 | 28.000 |
| 8 | മുണ്ടക്കയം | 2 | 2.500 |
| 9 | മാടപ്പള്ളി | 4 | 3.000 |
| 10 | പായിപ്പാട് | 5 | 9.000 |
| 11 | തൃക്കൊടിത്താനം | 9 | 25.000 |
| 12 | വാഴപ്പള്ളി | 4 | 3.750 |
| 13 | വാകത്താനം | 3 | 2.750 |
| 14 | മരങ്ങാട്ടുപള്ളി | 8 | 14.000 |
| 15 | മാഞ്ഞൂർ | 3 | 7.250 |
| 16 | അകലക്കുന്നം | 3 | 4.000 |
| 17 | പള്ളിക്കൽത്തോട് | 4 | 2.000 |
| 18 | കിടങ്ങൂർ | 2 | 1.240 |
| 19 | എലിക്കുളം | 4 | 11.000 |
| 20 | മണർക്കാട് | 6 | 3.100 |
| 21 | പാമ്പാടി | 1 | 1.000 |
| 22 | മീനടം | 4 | 2.400 |
| 23 | കൂരോപ്പട | 3 | 4.000 |
| 24 | അയ്മനം | 7 | 13.720 |
| 25 | തലയോലപ്പറമ്പ് | 10 | 10.850 |
| 26 | ഉഴവൂർ | 6 | 8.820 |
| 27 | ഭരണങ്ങാനം | 2 | 1.150 |
| 28 | അയർകുന്നം | 4 | 4.150 |
| 29 | അതിരമ്പുഴ | 4 | 3.950 |
| 30 | നീണ്ടൂർ | 6 | 3.050 |
| 31 | കറുകച്ചാൽ | 4 | 3.000 |
| 32 | നെടുംകുന്നം | 1 | 2.500 |
| 33 | കങ്ങഴ | 2 | 2.250 |
| 34 | വെള്ളാവൂർ | 2 | 1.100 |
| 35 | ചിറക്കടവ് | 5 | 4.100 |
| 36 | കുറിച്ചി | 1 | 1.000 |
| 37 | കാഞ്ഞിരപ്പള്ളി | 1 | 1.000 |
| 38 | മണിമല | 2 | 3.300 |
| 39 | എരുമേലി | 2 | 3.250 |
| 40 | കോരുത്തോട് | 1 | 2.500 |
| 41 | പൂഞ്ഞാർ | 5 | 5.020 |
| | ആകെ | 177 | 231.600 |

# ഇടുക്കി

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | - | 52 എണ്ണം |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 8 എണ്ണം. ഇടുക്കി, തൊടുപുഴ, ഇളംദേശം, അടിമാലി, ദേവികുളം, നെടുങ്കണ്ടം, കട്ടപ്പന, അഴുത |
| പ്രധാന നദികൾ | - | പെരിയാർ, മൂവാറ്റുപുഴയാർ, അമരാവതി |
| ജില്ലയിലെ പെരിയാറിന്റെ പോഷക നദികൾ | - | മുല്ലയാർ, പന്നിയാർ, പുയൻകുട്ടിയാർ, പെരിഞ്ഞംകുട്ടിയാർ, മുതിരപ്പുഴ |
| ജില്ലയിലെ മൂവാറ്റുപുഴയാറിന്റെ പോഷകനദികൾ | - | കള്ളിയാർ, തൊടുപുഴയാർ |
| ജില്ലയിലെ അമരാവതിയുടെ പോഷക നദികൾ | - | പാമ്പാർ, തേനാർ |
| ജില്ലയിലെ പമ്പയുടെ പോഷക നദി | - | അഴുത |
| ആകെ നീർച്ചാലുകളുടെ നീളം | - | 14339.95 കി.മീ. |
| ശരാശരി വർഷപാതം | - | 3677 മി.മീ (1000-5000 മി.മീ.) |

ജില്ലയിൽ കിഴക്ക് നിന്നും പടിഞ്ഞാറേക്ക് മഴയുടെ തോത് വർദ്ധിക്കുന്നു. പശ്ചിമഘട്ടത്തിന്റെ മഴനിഴൽ പ്രദേശമാണ് ജില്ലയുടെ കിഴക്കുഭാഗം. വർഷപാതത്തിന്റെ 60 ശതമാനവും തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ (ജൂൺ-സെപ്റ്റംബർ) നിന്നാണ് ലഭ്യമാകുന്നത്. വടക്കുകിഴക്കൻ കാലവർഷത്തിൽ (ഒക്ടോബർ-ഡിസംബർ) നിന്ന് 24 ശതമാനവും മഴ ലഭിക്കുന്നു. ജനുവരി മുതൽ മെയ് വരെയും ജില്ലയിൽ നേരിയ തോതിൽ മഴ ലഭിക്കുന്നുണ്ട്.

കുന്നിൻ ചരിവുകളിൽ നിന്നും ജലവുമായി എത്തുന്ന നീർച്ചാലുകൾ മഴക്കാലത്ത് ശക്തമായ നീരൊഴുക്കിന് പ്രതിനിധാനം ചെയ്യുന്നു. നദീമുഖങ്ങളുടെ കൈയ്യേറ്റവും ചെളിയും അവശിഷ്ടങ്ങളും അടിഞ്ഞു കൂടുന്നതു മൂലവും അവയുടെ ജലവഹന ശേഷി കുറഞ്ഞുകൊണ്ടിരിക്കുന്നു. പോയ വർഷത്തെ കാലവർഷത്തിൽ ഉരുൾപൊട്ടലുകളും മറ്റും കാരണം ജില്ലയിലെ പല ഭാഗങ്ങളിലും കനത്ത നാശനഷ്ടങ്ങളുണ്ടായി കൂടാതെ ടൺ കണക്കിന് പ്ലാസ്റ്റിക്ക് മാലിന്യങ്ങളാണ് ജലാശയങ്ങളിൽ അടിഞ്ഞു കൂടിയത്.

ഇടുക്കി ജില്ലയിലെ 53 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 43 എണ്ണത്തിലും ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ രണ്ടാം ഘട്ട പ്രവർത്തനം സംഘടിപ്പിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി 346 നീർച്ചാലുകളിലെ 478.87 കി.മീ നീളം വരുന്ന ഭാഗം പുനരുജ്ജീവിപ്പിക്കപ്പെട്ടു.



## രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കപ്പെട്ട നീർച്ചാലുകൾ

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | എണ്ണം | നീളം (കി.മീ) |
|---|---|---|---|
| 1 | വാഴത്തോപ്പ് | 7 | 5.84 |
| 2 | ചിന്നക്കനാൽ | 2 | 3.500 |
| 3 | സേനാപതി | 5 | 8.610 |
| 4 | കുമളി | 8 | 21.000 |
| 5 | ഇരട്ടയാർ | 5 | 9.000 |
| 6 | ആലക്കോട് | 12 | 20.650 |
| 7 | കരിമണ്ണൂർ | 8 | 9.850 |
| 8 | ഉടുമ്പന്നൂർ | 5 | 6.150 |
| 9 | പുറപ്പുഴ | 9 | 4.700 |
| 10 | നെടുങ്കണ്ടം | 3 | 3.100 |
| 11 | പാമ്പാടുംപാറ | 10 | 11.500 |
| 12 | കുമാരമംഗലം | 12 | 19.400 |
| 13 | മണക്കാട് | 12 | 41.100 |
| 14 | ഇടവെട്ടി | 10 | 10.900 |
| 15 | പുറപ്പുഴ | 9 | 4.760 |
| 16 | മുട്ടം | 4 | 6.800 |
| 17 | കരിങ്കുന്നം | 1 | 1.300 |
| 18 | വെള്ളത്തൂവൽ | 12 | 20.350 |
| 19 | പള്ളിവാസൽ | 3 | 3.300 |
| 20 | ബൈസൺവാലി | 1 | 2.000 |
| 21 | വണ്ടിപ്പെരിയാർ | 1 | 3.000 |
| 22 | പീരുമേട് | 1 | 3.000 |
| 23 | അടിമാലി | 12 | 10.470 |
| 24 | രാജകുമാരി | 7 | 6.920 |
| 25 | രാജക്കാട് | 15 | 29.000 |
| 26 | കഞ്ഞിക്കുഴി | 17 | 17.400 |
| 27 | വണ്ണപ്പുറം | 14 | 7.000 |
| 28 | ഉടുമ്പൻചോല | 9 | 6.810 |
| 29 | ശാന്തൻപാറ | 2 | 2.900 |
| 30 | കോടിക്കുളം | 7 | 5.550 |
| 31 | കുടയത്തൂർ | 6 | 1.420 |
| 32 | വെള്ളിയാമറ്റം | 8 | 4.760 |
| 33 | മരിയാപുരം | 2 | 1.500 |
| 34 | കാമാക്ഷി | 20 | 12.000 |
| 35 | കരുണാപുരം | 18 | 20.000 |
| 36 | കൊന്നത്തടി | 38 | 104.190 |
| 37 | കൊക്കയാർ | 2 | 2.000 |
| 38 | പെരുവന്താനം | 3 | 6.000 |
| 39 | വണ്ടൻമേട് | 7 | 5.350 |
| 40 | ചക്കുപള്ളം | 5 | 3.000 |
| 41 | കാഞ്ചിയാർ | 1 | 0.350 |
| | **മുനിസിപ്പാലിറ്റി** | | |
| 42 | കട്ടപ്പന | 4 | 4.000 |
| 43 | തൊടുപുഴ | 9 | 8.440 |
| | ആകെ | 346 | 478.87 |





# എറണാകുളം

**പൊതുവിവരങ്ങൾ**

| | | |
|---|---|---|
| വിസ്തീർണ്ണം | - | 3068 ച.കി.മീ. |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 14 എണ്ണം |
| ഗ്രാമപഞ്ചായത്തുകൾ | - | 82 എണ്ണം |
| മുനിസിപ്പാലിറ്റികൾ | - | 13 എണ്ണം |
| മുനിസിപ്പൽ കോർപ്പറേഷൻ | - | 1 |
| ജനസംഖ്യ | - | 32,79,860 |
| ഭൂപ്രദേശങ്ങൾ | - | മലനാട്, ഇടനാട്, തീരപ്രദേശം |
| പ്രധാന നദികൾ | - | പെരിയാറും അതിന്റെ പോഷകനദികളും, മൂവാറ്റുപുഴയാർ |

കേരളത്തിലെ ഏറ്റവും നീളമേറിയ നദിയായ പെരിയാറിന്റെ ഉത്ഭവം പശ്ചിമഘട്ടത്തിലെ കാർഡമം കുന്നുകളിൽ ആണ്. ഉത്ഭവസ്ഥാനത്തു നിന്നും വടക്കോട്ടു ഒഴുകുന്ന നദി ഇടുക്കിയിൽ പ്രവേശിക്കുന്നതിനു മുമ്പായി വടക്കു-പടിഞ്ഞാറൻ ദിശയിലേക്ക് ഒഴുകുന്നു. ഇടുക്കിയിൽ നിന്നും നേര്യമംഗലത്തു വച്ച് എറണാകുളം ജില്ലയിൽ പ്രവേശിക്കുന്നു. നദി ആലുവയിൽ വച്ച് അതിന്റെ കൈവഴികളായ മാർത്താണ്ഡ വർമ്മ പുഴയും മംഗലപ്പുഴയും ആയി തിരിയുന്നു. വർഷം മുഴുവൻ വറ്റാത്ത ഉറവയായ പെരിയാർ വളരെയേറെ പ്രധാന നഗരങ്ങളുടെ കുടിവെള്ള സ്രോതസ്സാണ്.

ജില്ലയുടെ തെക്കു പടിഞ്ഞാറൻ അതിർത്തിയിൽ കേരളത്തിന്റെ ഏറ്റവും വലിയ കായലായ വേമ്പനാട് കായലാണ് കാണപ്പെടുന്നത്. എറണാകുളം കൂടാതെ കോട്ടയം, ആലപ്പുഴ ജില്ലകളുമായും ഈ കായൽ അതിന്റെ അതിർത്തി പങ്കിടുന്നുണ്ട്. കൊച്ചി വൻകരയുടെ ചുറ്റുമുള്ള വേമ്പനാട് കായൽ കൊച്ചി കായൽ എന്നാണ് അറിയപ്പെടുന്നത്. ആലപ്പുഴ മുതൽ അഴീക്കോട് വരെ നീളുന്ന വേമ്പനാട് കോൾ തണ്ണീർത്തട സമ്പ്രദായത്തിന്റെ ഭാഗമാണ് വേമ്പനാട് കായൽ. 96.5 കി.മീ. നീളത്തിൽ ഉള്ള ഈ കായലാണ് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ കായൽ. കേരളത്തിലെ 6 പ്രധാന നദികളായ അച്ചൻകോവിൽ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ, പമ്പ, പെരിയാർ ഉൾപ്പെടെ 10 നദികളാണ് ഈ കായലിൽ പതിക്കുന്നത്.

ഈർപ്പമേറിയ മൺസൂൺ ആണ് ജില്ലയിൽ അനുഭവപ്പെടുന്നത്. ഇടവപ്പാതിയിലാണ് ജില്ലയിൽ അധികവും മഴ ലഭിക്കുന്നത്. തുലാവർഷവും വർഷപാതത്തിൽ നല്ലൊരു പങ്ക് വഹിക്കുന്നുണ്ട്. മാർച്ച് മുതൽ മെയ് വരെ നീളുന്ന വരണ്ട വേനലും ഡിസംബർ മുതൽ ഫെബ്രുവരി വരെ നീളുന്ന ശൈത്യവും ജില്ലയിൽ അനുഭവപ്പെടുന്നുണ്ട്. ശരാശരി വർഷപാതം 3359.2 മി.മീ. ആണ്. ഇത് ജില്ലയുടെ പല ഭാഗങ്ങളിലായി 3233 മുതൽ 3456 മി.മീ. വരെ വ്യത്യാസപ്പെടുന്നു.

വളരെ മികച്ച പ്രവർത്തനമാണ് ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ രണ്ടാം ഘട്ട പ്രവർത്തനവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ സംഘടിപ്പിക്കപ്പെട്ടത്. ആകെയുള്ള 96 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 94 എണ്ണത്തിലും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി 955 നീർച്ചാലുകളിലെ 914.762 കി.മീ നീളത്തിലുള്ള ഭാഗം പുനരുജ്ജീവിപ്പിക്കപ്പെട്ടു.







**രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കപ്പെട്ട നീർച്ചാലുകൾ**

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | എണ്ണം | നീളം (കി.മീ) |
|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | | |
| 1 | ഇലഞ്ഞി | 4 | 8.700 |
| 2 | പാമ്പാക്കുട | 6 | 3.100 |
| 3 | രാമമംഗലം | 4 | 7.600 |
| 4 | തിരുമാറാടി | 11 | 19.900 |
| 5 | പാലക്കുഴ | 1 | 1.000 |
| 6 | തിരുവാണിയൂർ | 4 | 3.900 |
| 7 | കുന്നത്തുനാട് | 13 | 15.600 |
| 8 | വടവുകോട് | 12 | 13.500 |
| 9 | മഴുവന്നൂർ | 6 | 4.150 |
| 10 | ഐക്കരനാട് | 8 | 3.850 |
| 11 | പൂതൃക്ക | 6 | 5.600 |
| 12 | ചെല്ലാനം | 17 | 6.360 |
| 13 | കുമ്പളങ്ങി | 13 | 3.150 |
| 14 | കുമ്പളം | 11 | 2.100 |
| 15 | കൂവപ്പടി | 20 | 34.930 |
| 16 | അശമന്നൂർ | 8 | 10.610 |
| 17 | മുടക്കുഴ | 90 | 66.945 |
| 18 | ഒക്കൽ | 11 | 6.280 |
| 19 | വേങ്ങൂർ | 27 | 34.425 |
| 20 | രായമംഗലം | 56 | 71.401 |
| 21 | വരാപ്പുഴ | 42 | 18.645 |
| 22 | കരുമാലൂർ | 23 | 21.940 |
| 23 | കടുങ്ങല്ലൂർ | 17 | 29.860 |
| 24 | ആലങ്ങാട് | 2 | 0.908 |
| 25 | ഞാറക്കൽ | 3 | 3.665 |
| 26 | നായരമ്പലം | 4 | 1.447 |
| 27 | എടവനക്കാട് | 6 | 1.330 |
| 28 | കുഴുപ്പിള്ളി | 13 | 6.200 |
| 29 | പള്ളിപ്പുറം | 2 | 0.436 |
| 30 | വടക്കേക്കര | 20 | 5.400 |
| 31 | ഏഴിക്കര | 25 | 6.522 |
| 32 | ചേന്ദമംഗലം | 17 | 2.125 |
| 33 | കോട്ടുവള്ളി | 24 | 6.500 |
| 34 | ചിറ്റാറ്റുകര | 13 | 2.540 |
| 35 | ചോറ്റാനിക്കര | 23 | 14.313 |
| 36 | ഉദയംപേരൂർ | 8 | 2.710 |
| 37 | മുളന്തുരുത്തി | 16 | 16.010 |
| 38 | എടക്കാട്ടുവയൽ | 8 | 13.170 |
| 39 | മണീട് | 21 | 25.900 |
| 40 | ആമ്പല്ലൂർ | 6 | 2.320 |
| 41 | കല്ലൂർക്കാട് | 10 | 7.050 |
| 42 | വാളകം | 8 | 15.500 |
| 43 | മാറാടി | 10 | 16.188 |
| 44 | പായിപ്ര | 18 | 17.750 |
| 45 | ആരക്കുഴ | 11 | 6.750 |
| 46 | മഞ്ഞള്ളൂർ | 3 | 0.800 |
| 47 | ആവോലി | 3 | 2.260 |
| 48 | പാറക്കടവ് | 11 | 7.020 |
| 49 | കുന്നുകര | 12 | 3.900 |

| | | | |
|---|---|---|---|
| 50 | പുത്തൻവേലിക്കര | 16 | 10.745 |
| 51 | ചെങ്ങമനാട് | 4 | 3.600 |
| 52 | നെടുമ്പാശ്ശേരി | 12 | 102.000 |
| 53 | ശ്രീമൂലനഗരം | 13 | 6.025 |
| 54 | കവളങ്ങാട് | 3 | 2.300 |
| 55 | നെല്ലിക്കുഴി | 3 | 4.800 |
| 56 | പല്ലാരിമംഗലം | 1 | 1.600 |
| 57 | കീരംപാറ | 7 | 7.620 |
| 58 | കുട്ടമ്പുഴ | 1 | 0.970 |
| 59 | പൈങ്ങോട്ടൂർ | 12 | 18.904 |
| 60 | വാരപ്പെട്ടി | 2 | 3.300 |
| 61 | പോത്താനിക്കാട് | 2 | 3.000 |
| 62 | പിണ്ടിമന | 13 | 15.488 |
| 63 | കോട്ടപ്പടി | 14 | 32.650 |
| 64 | വെങ്ങോല | 3 | 2.873 |
| 65 | വാഴക്കുളം | 7 | 2.530 |
| 66 | കിഴക്കമ്പലം | 14 | 1.180 |
| 67 | ചൂർണിക്കര | 21 | 28.233 |
| 68 | എടത്തല | 4 | 2.650 |
| 69 | കീഴ്മാട് | 15 | 10.550 |
| 70 | മുളവുകാട് | 8 | 1.700 |
| 71 | കടമകുടി | 5 | 1.040 |
| 72 | ചേരാനല്ലൂർ | 1 | 1.500 |
| 73 | എളങ്കുന്നപ്പുഴ | 2 | 3.300 |
| 74 | മൂക്കന്നൂർ | 8 | 10.740 |
| 75 | തുറവൂർ | 4 | 6.810 |
| 76 | മഞ്ഞപ്ര | 1 | 1.250 |
| 77 | കറുകുറ്റി | 1 | 0.500 |
| 78 | അയ്യമ്പുഴ | 3 | 4.300 |
| 79 | കാഞ്ഞൂർ | 1 | 1.860 |
| 80 | കാലടി | 2 | 1.800 |
| 81 | മലയാറ്റൂർ | 2 | 2.200 |
| | ആകെ | 912 | 880.278 |
| | **മുനിസിപ്പാലിറ്റി** | | |
| 1 | പറവൂർ | 15 | 12.350 |
| 2 | കോതമംഗലം | 1 | 1.000 |
| 3 | പെരുമ്പാവൂർ | 2 | 0.600 |
| 4 | ഏലൂർ | 11 | 4.362 |
| 5 | മുവാറ്റുപുഴ | 1 | 0.500 |
| 6 | കുത്താട്ടുകുളം | 1 | 1.000 |
